# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2318– 12/02/2020 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ്

ചോദ്യം

ഉത്തരം

ശ്രീ.അൻവർ സാദത്ത്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാഭ്യാസ വായ്പ നിലവിൽ വിദ്യാർത്ഥികൾക്ക് പ്രതികൂലമായി മാറിയെന്നത് വസ്തുതയല്ലേ; | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി ബാങ്കുകൾ ലഭ്യമാക്കുന്ന വിദ്യാഭ്യാസ വായ്പ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ബി) | വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുന്ന കാര്യത്തിൽ സമ്മർദ്ദം പാടില്ലായെന്ന് നിർദ്ദേശം ഉണ്ടെങ്കിലും എല്ലാ തരം വായ്പകളുടെയും തിരിച്ചടവ് കർശനമാക്കുവാൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് കർശനമാക്കുവാനുള്ള പ്രത്യേക നിർദ്ദേശങ്ങൾ റിസർവ് ബാങ്കിൽ നിന്നും ബാങ്കുകൾക്ക് ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടില്ലെന്ന് സംസ്ഥാന ബാങ്കേഴ്സ് സമിതി അറിയിച്ചിട്ടുണ്ട്. |
| (സി) | 2013-14 ൽ തൊഴിലില്ലായ്മ 2.9 ആയിരുന്നത് ഇപ്പോൾ 6.1 ആയി വർദ്ധിച്ചത് വായ്പ എടുത്ത് പഠനം പൂർത്തിയാക്കിയവരുടെ തിരിച്ചടവിനെ കാര്യമായി ബാധിച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസ വായ്പ എഴുതി തള്ളുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ? | പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ